**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 287</u>** **<u>07-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>റേഷൻ കാർഡ് വിതരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | മുൻഗണനാ റേഷൻ കാർഡിന് അർഹരായിരുന്നിട്ടും അവ ലഭിക്കാത്തവർക്ക് മുൻഗണനാ കാർഡ് ലഭിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,80,040 അംഗങ്ങൾ ആയി നിജപ്പെടുത്തിയിട്ടുണ്ട്. 2011- ലെ സെൻസസ് വിശദാംശങ്ങൾ പ്രകാരമാണ് പ്രസ്തുത ഒഴിവുകൾ നിശ്ചയിച്ചു നൽകിയിട്ടുള്ളത് ആയതിനു ശേഷം ജനസംഖ്യ വർദ്ധനവിന് ആനുപാതികമായി നാളിതുവരെയായി മുൻഗണനാ പരിധി കേന്ദ്രസർക്കാർ വർദ്ധിപ്പി നൽകിയിട്ടില്ല. ഒഴിവുകൾ പരിമിതമായതിനാൽ അർഹരായ എല്ലാ കുടുംബങ്ങൾക്കും സമയബന്ധിതമായി മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ട്. എന്നിരുന്നാലും പരിശോധനയിലൂടെയും മറ്റും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകളിൽ<br><br>അർഹരെന്നു കണ്ടെത്തുന്നവരെ ഉൾപ്പെടുത്തി മുൻഗണനാ റേഷൻ കാർഡുകൾ അനുവദിച്ചു വരുന്നു.<br>പ്രസ്തുത നടപടികൾ സുതാര്യവും, പരാതിരഹിതവുമാക്കുന്നതിന് മുൻഗണനാ പരിവർത്തനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. അതിലൂടെ അർഹരായ എല്ലാപേർക്കും അപേക്ഷ സമർപ്പിക്കുന്നതിന് അവസരം ലഭിക്കുന്നുണ്ട് |
| (ബി) | റേഷൻ കാർഡുകളിൽ ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടാൻ അർഹതയുള്ളവരെ ഉൾപ്പെടുത്താൻ അവസരമൊരുക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | ഖണ്ഡം (A) യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ